# കേരള സർക്കാർ

# സ്കൂൾ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ

**കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

## 1) ആമുഖം

നമ്മുടെ രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളായ പൗരന്മാരെ രൂപപ്പെടുത്തി എടുക്കുന്നതിൽ സ്കൂളുകളുടെ പങ്ക് നിർണായകമാണ്. അതുകൊണ്ട് തന്നെ സുരക്ഷിതമായ പഠനാന്തരീക്ഷം ഉറപ്പു വരുത്തേണ്ടത് വളരെ അത്യാവിശ്യമാണ്. ഏതൊരു ദുരന്തത്തിൽ നിന്നും കുട്ടികളുടെയും അധ്യാപകരുടേയും മറ്റു ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. 2004-ൽ കുംഭകോണം സ്കൂളിൽ ഉണ്ടായ അഗ്നി ദുരന്തവും; ഉത്തരാഘണ്ട്, ചെന്നൈ വെള്ളപ്പൊക്കങ്ങൾ, അതുപോലെ തന്നെ ഭുജ് ഭൂകമ്പം എന്നിവയിൽ സ്കൂൾ കെട്ടിടങ്ങൾ തകരുന്നത് മൂലം ഉണ്ടാകുന്ന അത്യാഹിതങ്ങൾ, ഇവയെല്ലാം സ്കൂൾ സുരക്ഷയുടെ പ്രാധാന്യം മനസിലാക്കി തരുന്നു. സുരക്ഷിതമായ ഒരു സ്കൂൾ ഉറപ്പാക്കുന്നത് വഴി അടിയന്തിര ഘട്ടങ്ങളിൽ ആളുകളെ സുരക്ഷിതമായി മാറ്റി പാർപ്പിക്കുവാനും സാധിക്കും.

ദുരന്ത സാധ്യതാ ലഘൂഘരണ പ്രവർത്തനങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരേണ്ടതിന്റെ ആവശ്യകത ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിയ ദേശീയ സ്കൂൾ സുരക്ഷാ നയത്തിന്റെ മാനദണ്ഡങ്ങളിൽ അത്യധികം പ്രാധാന്യത്തോടെ വിശദീകരിക്കുന്നുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ഇതിനായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നൈപുണ്യ വികസന പദ്ധതികളും, വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്യാവുന്നതാണ്. ഓരോ പ്രദേശത്തെ സ്കൂളുകളിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അടിയന്തിരഘട്ട പ്രതികരണ മാർഗങ്ങൾ പരിചയപ്പെടുത്തിയിരിക്കണം.

ദുരന്ത നിവാരണത്തിനായി ദേശീയതലത്തിൽ സ്ഥാപിതമായ നിയമമാണ് ദേശീയ ദുരന്തനിവാരണ നിയമം (2005). ദുരന്തനിവാരണം സാധ്യമാക്കുന്നതിനായി നിയമപരവും സാമ്പത്തികപരവും ഏകോപന പരവുമായ വ്യവസ്ഥകൾ ഈ നിയമത്താൽ സ്ഥാപിതമാണ്. ദേശീയതലത്തിൽ മാത്രമല്ല സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികതലത്തിലും ഈ നിയമത്തിന് സാധുത ഉണ്ട്. അധ്യാപകർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും സുരക്ഷാബോധം വളർത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഈ നിയമം അനുശാസിക്കുന്നു.

## 2) സ്കൂൾ  സുരക്ഷാ ഉപദേശക സമിതി

സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശങ്ങൾ നൽകുവാൻ ഒരു സ്കൂൾ സുരക്ഷാ ഉപദേശക സമിതി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ദുരന്തനിവാരണ അതോറിറ്റിയുടെയും വിദ്യാഭ്യാസവകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഈ സമിതി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിക്കാം. സംസ്ഥാനതലത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കും വിദ്യാഭ്യാസ വകുപ്പിനും ആണ് ഇതിന്റെ ചുമതല. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ഇതിന് നേതൃത്വം നൽകേണ്ടതാണ്.

## 3) സ്കൂൾ സുരക്ഷ സമിതിയും സ്കൂൾ സുരക്ഷാ ആസൂത്രണ രേഖയും

### 3.1) സ്കൂൾ സുരക്ഷ സമിതി

സ്കൂൾ സുരക്ഷയ്ക്കായി സമിതി എല്ലാ സ്കൂളുകളിലും രൂപീകരിക്കേണ്ടതാണ്. ഈ സമിതി ദുരന്തത്തെ നേരിടാനുള്ള മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യാനും ദുരന്ത പ്രതികരണ നടപടികൾ സ്വീകരിക്കുവാനും ബാധ്യസ്ഥമാണ്. ദേശീയ ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിക്കുന്ന സ്കൂൾ സുരക്ഷാ സമിതിയുടെ ഘടന ഇപ്രകാരമാണ്:

1. അധ്യക്ഷൻ - പ്രിൻസിപ്പൽ / സ്കൂൾ മേധാവി
2. പ്രാഥമിക, യു. പി. വിഭാഗത്തിന്റെ മേധാവി- വൈസ് പ്രിൻസിപ്പൽ
3. അതാതു മേഖലയുടെ വിധ്യാഭ്യാസ ഉദ്യോഗസ്ഥൻ
4. അധ്യാപക - രക്ഷാകർത്യ സമിതിയുടെ അധ്യക്ഷൻ

5. എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്സ് എന്നീ വിഭാഗങ്ങളുടെ ഓരോ പ്രതിനിധി വീതം
6. ആൺകുട്ടികളിൽ നിന്നും പെൺകുട്ടികളിൽ നിന്നും രണ്ട് പ്രതിനിധി വീതം
7. ദുരിതാശ്വാസം / റവന്യൂ / ദുരന്ത നിവാരണ അതോറിറ്റി / ജില്ലാ ഭരണകൂടം/ മുനിസിപ്പാലിറ്റി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പ്രതിനിധി
8. അഗ്നിശമന വിഭാഗത്തിന്റെ പ്രതിനിധി
9. പോലീസിന്റെ പ്രതിനിധി
10. ആരോഗ്യ വകുപ്പിന്റെ പ്രതിനിധി (ഡോക്ടർ)
11. സിവിൽ ഡിഫൻസ് വാർഡൻ
12. സ്കൂൾ സുരക്ഷയുമായ് ബന്ധപ്പെട്ട് അധ്യക്ഷൻ ശുപാർശ ചെയ്യുന്ന മറ്റാരെങ്കിലും

## 3.2) സ്കൂൾ ദുരന്ത നിവാരണ ആസൂത്രണരേഖ

എല്ലാ സ്കൂളുകളും സ്കൂൾ ദുരന്തനിവാരണ ആസൂത്രണ രേഖ തയ്യാറാക്കേണ്ടതാണ്. അടിയന്തിര-പ്രതിസന്ധിഘട്ടങ്ങൾ നിയന്ത്രിക്കുന്നതിനും ലഘൂകരിക്കുന്നതിനും ആസൂത്രണ രേഖ സഹായകമാണ്. ഇതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായം തേടാവുന്നതാണ്.

ആസൂത്രണ രേഖയിൽ സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് ഇവ ഉൾപ്പെടുത്താവുന്നതാണ്:

- സുരക്ഷ മുന്നറിയിപ്പ് സംവിധാനങ്ങൾ
- ആശയവിനിമയം
- അടിയന്തിര രക്ഷാമാർഗങ്ങളും രക്ഷാ വാഹനങ്ങളും
- പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളുടെ സുരക്ഷ
- ദുരന്തസമയത്ത് വിദ്യാർത്ഥികളെ രക്ഷകർത്താക്കളെ ഏൽപ്പിക്കുന്നതും താൽക്കാലിക അഭയകേന്ദ്രത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട നയങ്ങൾ.

രക്ഷാമാർഗങ്ങൾ രേഖപ്പെടുത്തിയ ചിത്രത്തിന്റെ പകർപ്പ് സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

സുരക്ഷിതമായ പഠന അന്തരീക്ഷം ഒരുക്കുന്നതിന് വിവിധ തലങ്ങളിൽ സംഘടനാ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. സംസ്ഥാന/ജില്ലാ തലങ്ങൾക്ക് പുറമെ ഓരോ സ്കൂളുകളിലും പ്രാദേശികമായി ചെയ്യാവുന്ന സുരക്ഷാ മാർഗനിർദേശങ്ങൾ താഴെ ചേർക്കുന്നു.

സ്കൂൾ അധികാരികളും പ്രധാന അധ്യാപകനും മറ്റു അധ്യാപകരും എല്ലാ സ്കൂൾ ജീവനക്കാരും വിദ്യാർത്ഥികളും മാതാപിതാക്കളും ചേർന്ന് സ്കൂൾ സുരക്ഷാ അസൂത്രണരേഖ തയ്യാറാക്കണം. സ്കൂളിനകത്തും പുറത്തും ചെയ്യേണ്ടതായ സുരക്ഷാ നടപടികൾ ഉൾക്കൊള്ളിച്ച് വേണം പദ്ധതി തയ്യാറാക്കാൻ. താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

- ഹ്രസ്വകാല പ്രവർത്തനങ്ങൾ (Structural and Non Structural)
- ദീർഘകാല പ്രവർത്തനങ്ങൾ (Structural and Non-structural)
- പരിശീലന പരിപാടികളുടെ രൂപരേഖ – അധ്യാപകർക്കും വിദ്യാർത്ഥികൾക്കും
- മോക്ക് ഡ്രിൽ: അവബോധ പരിശീലനം
- അടിയന്തിരഘട്ടങ്ങളിൽ അവശ്യമുള്ള സാധനങ്ങളുടെയും ഉപകരണങ്ങളുടെയും സുരക്ഷപരിശോധിക്കുക (Safety Audit).

## 4) സുരക്ഷാ നടപടികളുടെ നിർവഹണം

### 4.1) ഘടനാപരമായ സുരക്ഷാ നടപടികൾ (Structural Measures)

- നിലവിലുള്ള സ്കൂളുകളിലും, പുതുതായി നിർമിക്കുന്ന സ്കൂൾ കെട്ടിടങ്ങളിലും National Building Code ന്റെ സുരക്ഷാ മാർഗ നിർദേശങ്ങൾ കർശനമായും പാലിച്ചിരിക്കണം
- പുതുതായി നിർമിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ ദുരന്ത സാധ്യതാ മേഖലയിൽ അല്ല എന്ന് ഉറപ്പ് വരുത്തുക, ദുരന്ത സാധ്യതാ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ സുരക്ഷിതമായ മേഖലകളിലേക്ക് മാറ്റുകയോ അല്ലാത്ത പക്ഷം പ്രകൃതി ദുരന്തങ്ങളിൽ ദുരന്ത ലഘൂകരണത്തിന് പര്യാപ്തമായ സുരക്ഷാ സംവിധാനം ഉണ്ടെന്നു ഉറപ്പു വരുത്തുക (ജില്ലാ ദുരന്ത നിവാരണ ആസൂത്രണ രേഖയിൽ നൽകിയിരിക്കുന്ന മാപ്പുകൾ അടിസ്ഥാനമാക്കുക)
- ഓരോ അധ്യയന വര്ഷം തുടങ്ങുന്നതിനു മുന്നോടിയായി സ്കൂൾ കെട്ടിടവും ചുറ്റുപാടും സുരക്ഷിതമെന്ന് സാക്ഷ്യപ്പെടുത്തുന്ന

'ഫിറ്റ്നസ് സർട്ടിഫിക്കറ്റ്' ബന്ധപ്പെട്ട അധികാരികളിൽ നിന്നും കൈപറ്റേണ്ടതാണ്

- എല്ലാ പുതിയ സ്കൂൾ നിർമാണ പ്രവർത്തനങ്ങളിലും ദുരന്ത ലഘൂകരണ സംവിധാനങ്ങൾ ഉറപ്പു വരുത്തുക
- നിലവിലെ സ്കൂൾ കെട്ടിടങ്ങളിൽ കാലാനുസൃതമായി അറ്റകുറ്റപ്പണികൾ നടത്തുകയും ബന്ധപെട്ട സിവിൽ എഞ്ചിനീയർ സുരക്ഷിതമെന്നു സാക്ഷ്യപ്പെടുത്തുകയും വേണം
- തീ പിടിക്കാത്തതും ചൂടിനെ പ്രതിരോധിക്കാൻ കഴിയുന്നതുമായ നിർമാണ സാമഗ്രികൾ മാത്രം കെട്ടിട നിർമാണത്തിന് ഉപയോഗിക്കുക
- പുതുതായി ക്ലാസ്സ്മുറികൾ മുകളിലേക്കോ വശങ്ങിളിലെക്കോ നിർമിക്കുന്നതിനു മുന്നോടിയായി ബന്ധപെട്ട സിവിൽ എഞ്ചിനീയർ രൂപകൽപന സുരക്ഷിതമെന്നു സാക്ഷ്യപ്പെടുത്തണം
- നിലവിലെ ശിശു-സുരക്ഷാ ശിശു-സൗഹാർദ്ദ നിർമാണ രീതികൾ അവലംബിക്കുക
- എല്ലാ ക്ലാസ് മുറികൾക്കും രണ്ടു വാതിലുകൾ വീതം നൽകുക, വാതിലുകൾ നിർമിക്കുമ്പോൾ പുറത്തേക്കു വരാന്തയിലെക്കോ തുറന്ന സ്ഥലങ്ങളിലെക്കോ തുറക്കുന്ന രീതിയിൽ രൂപകൽപന ചെയ്യുക, അടിയന്തരഘട്ടങ്ങളിൽ ഒഴിപ്പിക്കലിന് ഇത് സഹായമാകും
- ഭിന്നശേഷി സൗഹൃദ രീതിയിലുള്ള ക്ലാസ്സ്മുറികൾ, ശുചിമുറികൾ രൂപകൽപന ചെയ്യുക, ഒരു ദുരന്ത സമയത്ത് ഭിന്നശേഷിക്കാരെ ഒഴിപ്പിക്കാൻ ബുദ്ധിമുട്ട് ഉണ്ടാവരുത്.

## <u>4.2) ഘടനാപരമല്ലാത്ത സുരക്ഷാനടപടികൾ (Non-Structural)</u>

ഘടനാപരമായ സുരക്ഷാനടപടികൾ കൂടാതെ സ്കൂൾ കോമ്പൗണ്ടിലെ ഘടനാപരമല്ലാത്ത കാര്യങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. ഇതിലേറെയും താരതമ്യേന സാമ്പത്തിക ബാധ്യത ഇല്ലാത്തവയാണെങ്കിലും കൃത്യമായ ഇടവേളകളിൽ പരിപാലനം ആവശ്യമുള്ളവയാണ്. അതിനുള്ള ചെലവുകൾ സ്കൂളുകൾ തന്നെ കണ്ടെത്തേണ്ടതാണ്. ഘടനാപരമല്ലാത്ത ചില വസ്തുക്കൾ ചുവടെ ചേർക്കുന്നു:

- അലമാര, ചുവർ അലമാര, ബ്ലാക്ക് ബോർഡ് തുടങ്ങിയ ഉപകരണങ്ങളും വിദ്യാർത്ഥികളുടേയോ അധ്യാപകരുടെയോ മുകളിലേക്ക് വീണ് അപകടം ഉണ്ടാകാൻ സാധ്യതയുള്ള സീലിംഗ് ഫാൻ, കൂളറുകൾ, വെള്ളത്തിന്റെ ക്യാനുകൾ തുടങ്ങിയ വസ്തുക്കളും ചുവരിലോ മേൽക്കൂരയിലെ ഉറപ്പിക്കേണ്ടത് അത്യാവശ്യമാണ്
- അപകടകരമാംവിധം നിലകൊള്ളുന്ന വൈദ്യുത കമ്പികളും വയറുകളും മറ്റും സുരക്ഷിതമാക്കേണ്ടതാണ്
- തീപിടുത്ത സാധ്യത ഉള്ളതിനാൽ സ്കൂളിലെ പരീക്ഷണശാലകളിലെ രാസപദാർത്ഥങ്ങളും അപകടസാധ്യതയേറിയ വസ്തുക്കളും വിദ്യാർത്ഥികൾക്ക് അപകടം ഉണ്ടാകാത്ത രീതിയിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്
- ഇടനാഴികളും റാമ്പുകൾ ഉൾപ്പടെയുള്ള അടിയന്തിര രക്ഷാമാർഗങ്ങളും അപകടഘട്ടങ്ങളിൽ ഉപകരിക്കും വിധം പ്രവർത്തനസജ്ജമായി നിലനിർത്തേണ്ടതാണ്
- കളി സ്ഥലങ്ങളിലെ മരങ്ങൾ, ചെടിച്ചട്ടികൾ മുതലായവ അടിയന്തിര രക്ഷാ മാർഗ്ഗത്തെ തടസ്സപ്പെടുത്താത്ത വിധം ക്രമീകരിക്കേണ്ടതാണ്
- ഉപയോഗശൂന്യമായ കെട്ടിടങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുവഴി വിദ്യാർത്ഥികളെ അപകടകാരികളായ മൃഗങ്ങൾ, ഇഴജന്തുക്കൾ, കളകൾ തുടങ്ങിയവയിൽ നിന്ന് സംരക്ഷിക്കാവുന്നതാണ്
- വിദ്യാർത്ഥികൾക്ക് വാഹനാപകടങ്ങൾ ഉണ്ടാകുന്നത് തടയാനായി ഓരോ ദിവസവും സ്കൂൾസമയം തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്ന സമയങ്ങളിൽ സ്കൂളിലേക്കുള്ള വാഹനഗതാഗതം സുരക്ഷിതമാം വിധം നിയന്ത്രിക്കുക
- വിനോദയാത്രകൾ ക്രമീകരിക്കുമ്പോൾ സുരക്ഷിതമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുകയും ജലാശയങ്ങൾ, മലമ്പാതകൾ എന്നിവ തിരഞ്ഞെടുക്കുമ്പോൾ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യുക
- സ്കൂൾ ബസ്സുകളും വിദ്യാർത്ഥികൾക്കായി ഉപയോഗിക്കുന്ന മറ്റു വാഹനങ്ങളും സ്കൂൾ അധികാരികൾ കൃത്യമായി പരിപാലിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാണ്. വാഹനങ്ങളുടെ വേഗപരിധിയെക്കുറിച്ചും പ്രതിസന്ധിഘട്ടങ്ങൾ കൈകാര്യം

ചെയ്യുന്നതിനെക്കുറിച്ചും ഡ്രൈവർമാർക്ക് പരിശീലനം നൽകേണ്ടതാണ്

- അഗ്നിശമന ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷ കിറ്റുകൾ, കയറുകൾ തുടങ്ങിയവ സ്കൂളിൽ കരുതുകയും അവ പ്രവർത്തനസജ്ജം ആണെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്

## 5) അഗ്നി സുരക്ഷ

അഗ്നിബാധ തടയലും അഗ്നി സുരക്ഷയും സ്കൂളിൻറെ പ്രാഥമിക ആസൂത്രണത്തിൽ തന്നെ പരിഗണിക്കേണ്ട ഘടകങ്ങളാണ്. ഇതിനാവശ്യമായ സജ്ജീകരണങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധന വിധേയമാക്കേണ്ടതും കാര്യക്ഷമമായി പരിപാലിക്കേണ്ടതുമാണ്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുക:

- തീ പിടിക്കാൻ സാധ്യതയേറിയതും മറ്റ് അപകടങ്ങൾ ഉണ്ടാക്കാൻ സാധ്യത ഏറിയതുമായ വസ്തുക്കൾ നിയന്ത്രിക്കുകയോ മാറ്റിവയ്ക്കുകയോ ഒഴിവാക്കുകയോ സുരക്ഷിതമായി സൂക്ഷിക്കുകയോ ചെയ്യുക (ആവശ്യവും സാഹചര്യവും അനുസരിച്ച്). വൈദ്യുത ലൈനുകളും ഉപകരണങ്ങളും, ഹീറ്റർ, സ്റ്റൗ, ഗ്യാസ് പൈപ്പ്ലൈനുകളും സിലിണ്ടറുകളും മറ്റും കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കുക
- തീപിടുത്തം പോലെയുള്ള അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട രക്ഷാമാർഗങ്ങൾ സുഗമമാണെന്ന് ഉറപ്പുവരുത്തുക
- പുകയുടെ സാന്നിധ്യം കണ്ടുപിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണം സ്ഥാപിക്കുകയും അലാറം പ്രവർത്തനസജ്ജം ആണെന്ന് ഉറപ്പാക്കുകയും ചെയ്യുക
- അഗ്നിശമന ഉപകരണങ്ങളും മറ്റ് അഗ്നി സുരക്ഷാ ഉപകരണങ്ങളും കൃത്യമായി പരിപാലിക്കുക
- വൈദ്യുത ശൃംഖല അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുക
- ഉച്ച ഭക്ഷണം പാകം ചെയ്യുന്ന അടുക്കളയിൽ തീപിടുത്ത പ്രതിരോധ ഉപകരണങ്ങൾ ഉണ്ടെന്നു ഉറപ്പ് വരുത്തുക.

# 6) സുരക്ഷിത സ്കൂളുകൾക്കായുള്ള  പരിശീലനങ്ങൾ

## 6.1) സ്കൂൾ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമുള്ള പരിശീലനം

താഴെ പറയുന്ന വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർ ഉൾപ്പടെയുള്ള സ്കൂൾ ജീവനക്കാർക്കും പരിശീലനം നൽകുന്നത് അഭികാമ്യമായിരിക്കും:

- സ്കൂളിനെ ബാധിക്കാൻ സാധ്യതയുള്ള ദുരന്തങ്ങൾ
- ദുരന്തത്തിന്റെ മുന്നറിയിപ്പ് സംവിധാനങ്ങൾ, അടിയന്തിര-പ്രതിസന്ധി ഘട്ട നിർദ്ദേശങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വിവിധ തലങ്ങളിലുള്ള ദുരന്ത പ്രതികരണവും
- രക്ഷാമാർഗങ്ങളെ കുറിച്ചും സുരക്ഷിതമായ ഇടങ്ങളെയും കേന്ദ്രങ്ങളെയും കുറിച്ചുള്ള  അറിവ്
- പ്രഥമ ശുശ്രൂഷ
- ദുരന്ത ശേഷം വ്യക്തിപരമായും സാമൂഹ്യപരമായും നൽകേണ്ട കൗൺസലിംഗ്
- സ്കൂളിനു മൊത്തമായുള്ള ഒരു സ്കൂൾ സുരക്ഷാ അസ്സൂത്രണ രേഖ.

വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ കളികളിലൂടെയും വിവിധതരം കലാ പരിപാടികളിലൂടെയും നടത്താവുന്നതാണ്.

## 6.2) വിദഗ്ദ്ധ പരിശീലനവും നൈപുണ്യ വികസനവും

- സ്കൂൾ സുരക്ഷാ ആസൂത്രണ രേഖയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്കൂൾ ജീവനക്കാർക്കും പ്രത്യേകം പ്രത്യേകം ചുമതലകൾക്കുള്ള പരിശീലനം നൽകാവുന്നതാണ്. ഉദാ. പ്രഥമ ശുശ്രൂഷ, തിരച്ചിലും രക്ഷാപ്രവർത്തനവും
- സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങളുടെ ഏകോപനത്തിന്റെ ഭാഗമായി സ്കൂളിന്റെ സുരക്ഷ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിയുകയും അവ സ്കൂൾ ദുരന്ത നിവാരണ രേഖയുടെ

ഭാഗമാക്കുകയും ചെയ്യുന്നതിനുള്ള പ്രത്യേകമായ പരിശീലനം ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്. സ്കൂൾ പ്രിൻസിപ്പലിനും സ്കൂൾ സുരക്ഷയുടെ പ്രത്യേക ചുമതലയുള്ള അധ്യാപകനുമാണ് ഇതിനെ സംബന്ധിച്ചുള്ള പരിശീലനം നൽകേണ്ടത്

- വിദ്യാർത്ഥികൾക്ക് മാനസികവും സാമൂഹികവുമായ പിന്തുണ ഉറപ്പാക്കാൻ വിദ്യാർത്ഥി പ്രതിനിധികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും കൗൺസിലർമാർക്കും ദുരന്ത സമയത്തെ കൗൺസിലിംഗ്, മാനസിക ആഘാത ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കാവുന്നതാണ്. എഴുത്ത്, കലാപരിപാടികൾ എന്നിവ വഴിയും പാഠ്യപദ്ധതി പരിഷ്കരിക്കുന്നത് (ദുരന്തങ്ങൾ അഭിമുഖീകരിക്കാനും ദുരന്തങ്ങളുടെ ദൂരവ്യാപക ഫലങ്ങളിൽ നിന്ന് മുക്തി നേടാനും ഉതകുംവിധം) വഴിയും ഇത് നിർവഹിക്കാം. .ഇവയ്ക്ക് എല്ലാം പ്രാപ്തരാക്കുന്ന വിധം വിദ്യാർത്ഥികളെയും അധ്യാപകരെയും മറ്റ് സ്കൂൾ ജീവനക്കാരെയും പരിശീലിപ്പിക്കേണ്ടത് ആവശ്യം ആണ്
- ഇത്തരത്തിലുള്ള പ്രത്യേകമായ നൈപുണ്യവികസന പരിശീലനം അതാത് ഘടകങ്ങളിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളിൽനിന്നുള്ള പരിശീലകരെ ഉൾപ്പെടുത്തി നടത്താവുന്നതാണ്. ഇതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും സഹകരണം തേടാവുന്നതാണ്.

## 7) സ്കൂൾ സുരക്ഷയിൽ വിവിധ തലങ്ങളിലുള്ളവരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും

### 7.1) സ്കൂൾ ഭരണകൂട തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ

- എല്ലാ മാസവും ബോധവൽക്കരണ പരിപാടികൾക്ക് സമയം നീക്കി വയക്കുക
- സ്കൂൾ വികസന പദ്ധതിയിൽ സ്കൂൾ സുരക്ഷയ്ക്ക് മുൻഗണന കൊടുക്കുക
- അധ്യാപകരും അനധ്യാപകരുമായ എല്ലാ സ്കൂൾ ജീവനക്കാരും ദുരന്ത ലഘൂകരണത്തിൽ മതിയായ പരിശീലനം നേടി എന്ന് ഉറപ്പ് വരുത്തുക

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്കൂൾ സുരക്ഷാ പദ്ധതിയിൽ പങ്കാളികളാക്കുക
- നിലവിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള സ്കൂൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക
- സ്കൂൾ സുരക്ഷാ പദ്ധതിയിൽ എല്ലാവരുടെയും തുല്യവും മികച്ചതുമായ പങ്കാളിത്തം ഉറപ്പ് വരുത്തുക

<u>7.2) വിദ്യാർത്ഥി തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ</u>

- സ്കൂളിൽ പരിശീലിപ്പിക്കുന്ന ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക
- തങ്ങളുടെ സമൂഹത്തിലുള്ള ദുരന്ത സാധ്യതകളെക്കുറിച്ച് അറിവുനേടുകയും ദുരന്തസാധ്യത ലഘൂകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുക
- സ്കൂൾ ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും ഭാഗഭാക്കാകുക
- മോക്ക് ഡ്രില്ലുകൾ പോലെയുള്ള ദുരന്തപ്രതികരണ പ്രവർത്തികളിൽ പങ്കെടുക്കുക
- ദുരന്ത സാധ്യതാ ലഘൂകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് സ്കൂളിലും കുടുംബത്തിലും സമൂഹത്തിലും പകർന്നു നൽകുക.

## 8) പ്രവർത്തന ആശയങ്ങൾ

8.1) <u>സുരക്ഷിതമായ പഠനാന്തരീക്ഷം ഉറപ്പ് വരുത്തുന്നതിന് സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണം</u>

i) സ്കൂളിന് ചുറ്റുമുള്ള നാട്ടുകാരെ കൂടി ഉൾപ്പെടുത്തി സ്കൂൾ സുരക്ഷയെ പറ്റി സെമിനാറുകളും റാലികളും സംഘടിപ്പിക്കുക
ii) ഒരു അധ്യാപകനെ സ്കൂൾ സുരക്ഷയുടെ മുഖ്യ ഉത്തരവാദിത്വം ഏൽപ്പിക്കുക

iii) ബോധവൽക്കരണ ക്ലാസുകൾ നയിക്കുന്നതിന് ഒരു കൂട്ടം പരിശീലകരെ തയ്യാറാക്കുക, ഏത് ദുരന്തം വന്നാലും സ്വീകരിക്കേണ്ട സുരക്ഷാ നടപടികളെ പറ്റി കുട്ടികൾ ബോധവാന്മാരാണെന്ന് ഇവർ ഉറപ്പ് വരുത്തുക

iv) സ്കൂളിന്റെ വികസനവും വികാസവും, വിദ്യാർത്ഥികളുടെ ആരോഗ്യ-സുരക്ഷാ പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുക

8.2) <u>സുരക്ഷയ്ക്ക് വേണ്ടിയുള്ള ആസൂത്രണം</u>

I. സ്കൂൾ സുരക്ഷാ കാഴ്ച്ചപ്പാടിൽ വിശദമായ ഒരു അവലോകനം നടത്തി സ്കൂൾ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുക
II. മേൽപ്പറഞ്ഞ പ്രവർത്തനത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുക
III. സ്കൂൾ വികസന പദ്ധതിയിൽ സുരക്ഷ കൂടി ഉൾപ്പെടുത്തുക
IV. തുടർച്ചയായി ദുരന്ത മുന്നറിയിപ്പ് നിരീക്ഷിക്കുക
V. അടിയന്തിരഘട്ട ആസൂത്രണ രേഖ തയ്യാറാക്കുക.

8.3) <u>സുരക്ഷാ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുക</u>

I. ഘടനാപരമല്ലാത്ത ചില സുരക്ഷാനടപടികൾ സ്കൂളിന് തന്നെ സ്വീകരിക്കാവുന്നതാണ്. ഉദാ. സുരക്ഷാ മാർഗ്ഗങ്ങൾ സുഗമമാക്കുക, അപകടം ഉണ്ടാക്കാൻ സാധ്യതയുള്ള വസ്തുക്കൾ ചുവരിലോ മേൽക്കൂരയിലോ ഉറപ്പിച്ച് നിർത്തുക തുടങ്ങിയവ
II. സ്കൂൾ വികസന പദ്ധതി പഞ്ചായത്തുമായി പങ്കുവയ്ക്കുകയും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുകയും ചെയ്യാൻ ശ്രമിക്കുക
III. കുട്ടികൾക്കിടയിൽ സുരക്ഷാ ബോധം വളർത്താനുള്ള പരിപാടികൾ, ഡ്രില്ലുകൾ എന്നിവ ഉൾപ്പെടുത്തി സ്കൂളിന്റെ സമയക്രമപട്ടികയും വാർഷിക കലണ്ടറും പരിഷ്ക്കരിക്കുക.

## 8.4) സ്കൂൾ സുരക്ഷയ്ക്കായുള്ള കാര്യക്ഷമത വികസനം

I. സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലന ആവശ്യങ്ങൾ തിരിച്ചറിയുക
II. കുട്ടികൾക്കിടയിൽ അപകടങ്ങളെക്കുറിച്ചും ദുരന്തസാധ്യത ലഘൂകരണത്തെക്കുറിച്ചും അവബോധം വളർത്താനുള്ള പരിപാടികൾ നടപ്പിലാക്കുക. തെരുവ് നാടകങ്ങൾ, റാലികൾ, ചിത്രരചനാമത്സരങ്ങൾ, ക്വിസ്, പരസ്യവാചകം എഴുത്ത് തുടങ്ങിയ കലാ പരിപാടികളിലൂടെ ഇത് സാധ്യമാക്കാം
III. വർഷത്തിൽ കുറഞ്ഞത് രണ്ടു തവണ മോക്ക് ഡ്രില്ലുകളും സ്കൂൾ സുരക്ഷാ സെമിനാറുകളും സംഘടിപ്പിക്കുക. സ്കൂളിലെ സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ച് പ്രായോഗിക ക്ലാസുകൾ നടത്തുന്നത് ഉപകാരപ്രദമാകും. സ്കൂൾ സുരക്ഷാ ദിന/ ദുരന്തസാധ്യത ലഘൂകരണ ദിനാചരണം നടത്തുന്നതും ഇതേക്കുറിച്ചുള്ള അവബോധം വളർത്തുവാൻ സഹായിക്കും
IV. സ്കൂൾ നടത്തിപ്പ് കമ്മിറ്റിക്ക് സുരക്ഷാ ആവശ്യങ്ങൾ നിർണ്ണയിക്കുന്നത് സംബന്ധിച്ചും പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ചും സ്കൂൾ സുരക്ഷാ പരിശോധന സംബന്ധിച്ചും പരിശീലനം നൽകേണ്ടത് ആവശ്യമാണ്
V. വിദ്യാർത്ഥി പ്രതിനിധികൾക്ക് ദുരന്തവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ചെയ്യരുതാത്ത കാര്യങ്ങളെക്കുറിച്ചും മോക്ക് ഡ്രില്ലുകളെ കുറിച്ചും പരിശീലനം നൽകുക.

## 8.5) സ്കൂൾ സുരക്ഷാ നിരീക്ഷണം

I. അഗ്നി സുരക്ഷയും ഭക്ഷ്യസുരക്ഷയും ഉൾപ്പെടുത്തി സ്കൂൾ സുരക്ഷ പരിശോധനകൾ നടത്തുക. ഉച്ചഭക്ഷണ പദ്ധതിയുടെ അവലോകനവും അഗ്നി സുരക്ഷാ വിഭാഗത്തിന്റെ അംഗീകാരവും ഇതിൽ ഉൾപ്പെടുത്തുക
II. സ്കൂൾ വികസന പദ്ധതികൾ പരിശോധിക്കുകയും അതുവഴി ഇതുവരെ പരിഗണിക്കപ്പെടാതെ പോയ അപകടങ്ങൾ തിരിച്ചറിയുകയും

പുതിയ അപകടങ്ങൾ ഉണ്ടാകാൻ ഉള്ള സാധ്യതകൾ വിലയിരുത്തുകയും ചെയ്യുക.

## 9) ഉപസംഹാരം

മേൽപ്പറഞ്ഞ നടപടികൾ കൃത്യമായി സ്വീകരിക്കുന്നത് വഴി സ്കൂളിലെ മിക്കവാറും ദുരന്തങ്ങൾ തടയുവാനും സുരക്ഷിതമായ പഠനാന്തരീക്ഷം ഒരുക്കുവാനും സാധിക്കും.

---

Source: http://www.ndma.gov.in/images/guidelines/School-Safety-Policy.pdf

Please note: This Malayalam version is only an abstract of the NDMA guideline, refer the complete guideline from NDMA website for further details, available on this link.

## അനുബന്ധം

### സ്കൂൾ ദുരന്ത നിവാരണ ആസൂത്രണ രേഖ (മാതൃക)

**I. അടിസ്ഥാന വിവരങ്ങൾ**

I.1. സ്കൂളിന്റെ പേര് :

I.2. ജില്ല :

I.3. വിലാസം :

I.4. ഹെഡ് മാസ്റ്ററുടെ/ പ്രിൻസിപ്പലിന്റെ പേര് :

I.5. ദുരന്ത നിവാരണത്തിന്റെ/സ്കൂൾ സുരക്ഷയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേര് :

I.6. അധ്യാപക - അനധ്യാപകരുടെ എണ്ണം :

I.7. കുട്ടികളുടെ എണ്ണം :

I.8. സ്കൂൾ ബസ് ജീവനക്കാരുടെ എണ്ണം :

I.9. സ്കൂൾ ബസുകളുടെ എണ്ണം :

I.10.ക്ലാസ് മുറികളുടെ എണ്ണം :

I.11.ലബോറട്ടറികളുടെ എണ്ണം :

**II. സ്കൂളിലെയും സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്തെയും ദുരന്തസാധ്യതകളെ /വിപത്തുകളെപ്പറ്റിയുള്ള ചെറു വിവരണം**

**III. സ്കൂളിലോ സമീപപ്രദേശത്തോ മുൻകാലങ്ങളിൽ ഉണ്ടായ ദുരന്തങ്ങളെക്കുറിച്ചുള്ള വിവരണം**

| ക്രമ നമ്പർ | അപകടം/ ദുരന്തം | വർഷം | നാശനഷ്ടങ്ങൾ |
|---|---|---|---|
| | | | |
| | | | |

**IV. ദുരന്ത സാധ്യതാ പട്ടിക (ഏതൊക്കെ കാലങ്ങളിൽ എന്തൊക്കെ ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട് എന്നതിനെക്കുറിച്ചുള്ള വിവരം)**

| ദുരന്തം | ജനു | ഫെ | മാർ | ഏപ്രി | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്ത | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| വെള്ളപ്പൊക്കം | | | | | | | | | | | | |
| ചുഴലിക്കാറ്റ് | | | | | | | | | | | | |
| വരൾച്ച | | | | | | | | | | | | |
| കടൽക്ഷോഭം | | | | | | | | | | | | |
| ...................... | | | | | | | | | | | | |
| ...................... | | | | | | | | | | | | |

**V. പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളുടെ വിവരങ്ങൾ (ഉദാ: ഭിന്നശേഷിക്കാർ)**

**VI. സ്കൂളിലെ കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരണം. ദുരന്തങ്ങൾ നേരിടുവാൻ കെട്ടിടങ്ങൾക്ക് സാധിക്കുമോ എന്നു വിലയിരുത്തുകയും ചെയ്യുക**

**VII. സ്കൂളിലെ മാനുഷിക- ഭൗതിക വിഭവങ്ങളുടെ വിവരണം**

**VII.1. കെട്ടിടങ്ങളുടെ വിവരം**

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പേര് | മുറികളുടെ എണ്ണം | ക്ലാസ്സ് മുറികളുടെ എണ്ണം | മേൽക്കൂര (ഓല/ ഓട്/ ടിൻ ഷീറ്റ്/വാർപ്പ്) | കെട്ടിടത്തിന്റെ പഴക്കം |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |

**VII.2. തുറസ്സായ സ്ഥലങ്ങളുടെ വിവരം**

| ക്രമ നമ്പർ | വിവരണം | വിസ്തീർണം | സ്കൂളിന്റെ വിവിധ കെട്ടിടങ്ങളിൽ നിന്നുള്ള ദൂരം |
|---|---|---|---|
| 1 | | | |
| 2 | | | |

**VII.3. സ്കൂൾ ദുരന്ത നിവാരണ സമിതി**

| ക്രമ നമ്പർ | പേര് | പദവി | ഫോൺ നമ്പർ | |
|---|---|---|---|---|
| | | | ഓഫീസ് | വീട്/ മൊബൈൽ |
| 1 | | | | |
| 2 | | | | |

**VII.4. മുന്നൊരുക്ക നടപടികളുടെ വിവരങ്ങൾ** (പരിശീലനം/ മോക്ക് ഡ്രിൽ)

| ക്രമ നമ്പർ | തരം (ഉദാ. ഭൂകമ്പ ഡ്രിൽ/ അധ്യാപക പരിശീലനം) | തീയതി | ചുമതല | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|
| 1 | | | | |
| 2 | | | | |

**VIII. സ്കൂളിൽ പ്രവർത്തനസജ്ജമായ എത്ര അഗ്നിശമന ഉപകരണങ്ങൾ ഉണ്ട്?**

(ഇല്ലെങ്കിൽ, ഇല്ല എന്ന് എഴുതുക)

**IX. സ്കൂളിലെ സൗകര്യങ്ങൾ വിവരിക്കുന്ന ഭൂപടം, വിഭവ ഭൂപടം, സുരക്ഷിത സ്ഥാനങ്ങളുടെ ഭൂപടം, ദുരന്തമുണ്ടായാൽ കുട്ടികളെയും മുതിർന്നവരെയും ഒഴിപ്പിക്കുന്നതിനുള്ള വഴികൾ രേഖപ്പെടുത്തിയ ഭൂപടം എന്നിവ അനുബന്ധമായി ചേർക്കുക.**